## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *531** — **26.03.2018-ൽ മറുപടിയ്ക്ക്**

**പൊതുമരാമത്ത് വകുപ്പിൽ നടപ്പിലാക്കുന്ന പരിഷ്കാരങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.വി.ഡി.സതീശൻ**<br>**,, . സണ്ണി ജോസഫ്** | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| (എ) ഈ സർക്കാരിന്റെ കാലത്ത് പൊതുമരാമത്ത് വകുപ്പ് അഴിമതി രഹിതമാക്കുവാനും ഊർജ്ജ സ്വലമാക്കുവാനും എന്തെല്ലാം പരിഷ്കാര ങ്ങളാണ് വകുപ്പിൽ നടപ്പിലാക്കിയത്; | (എ) ഈ സർക്കാരിന്റെ കാലത്ത് പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികൾ അഴിമതി രഹിതമാക്കുവാനും ഗുണനിലവാരം വിലയി രുത്തുന്നതിനും ജനകീയ പങ്കാളിത്തമുള്ള സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കുന്നതിനും G.O (Ms) No.01/2018/PWD dated 05/01/2018 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചുകൊണ്ട് പൊതുമരാമത്ത് വകുപ്പിൽ സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ പൊതുമരാമത്ത് വകുപ്പിലെ പ്രവൃത്തികളിൽ ക്വാളിറ്റി കൺട്രോൾ വിഭാഗം ശക്തിപ്പെടുത്തിയിട്ടുണ്ട്. അഴിമതി ആരോപണങ്ങൾ അന്വേഷിക്കുകയും കുറ്റക്കാർ ക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുമുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എല്ലാവർഷവും പൊതുമരാമത്ത് വകുപ്പിലെ എഞ്ചിനീയർമാർക്ക് പ്രോത്സാഹനവും, ബോധവൽക്കരണവും നൽകുന്നതിന് വേണ്ടി എഞ്ചിനീയേഴ്സ് കോൺഗ്രസ്സ് നടത്തി വരുന്നു. മികച്ച എഞ്ചിനീയർമാർക്ക് അവാർഡുകൾ |

നൽകിവരുന്നു. പുതിയതായി സർവ്വീസിൽ വരുന്ന എഞ്ചിനീയർമാർക്ക് Induction Training ഉം നിലവിൽ സർവ്വീസിൽ ഉള്ള എഞ്ചിനീയർമാർക്ക് In Serveice Training ഉം നൽകിവരുന്നു. കരാറുകാർക്ക് പരിശീലനം നൽകുന്ന പദ്ധതി സർക്കാരിന്റെ സജീവ പരിഗണനയിലാണ്. പുതിയ കാലം, പുതിയ നിർമ്മാണം എന്ന മുദ്രാവാക്യത്തോടെ ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് നിർമ്മിതികൾ നടത്തിവരുന്നു. അഴിമതിക്കെതിരായ ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ സസ്പെൻഷൻ അടക്കമുള്ള ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. വീഴ്ച വരുത്തുന്ന കരാറുകാരെ Black list ചെയ്യുന്നതടക്കമുള്ള നടികൾ സ്വീകരിച്ചുവരുന്നു.

പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി Three – tier Quality Control System നിലവിലുണ്ട്. ഇതിൻ പ്രകാരം ബന്ധപ്പെട്ട എഞ്ചിനീയർമാർ പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികൾക്ക് ഉപയോഗിക്കുന്ന മെറ്റീരിയൽസ് അംഗീകാരമുള്ള ലാബുകളിൽ സമർപ്പിച്ച് ഗുണനിലവാരം പരിശോധിച്ച് ഫസ്റ്റ് ടയർ ക്വാളിറ്റി കൺട്രോൾ ഉറപ്പുവരുത്താറുണ്ട്. സെക്കന്റ് ടയർ ക്വാളിറ്റി സിസ്റ്റം നടപ്പിലാക്കിയതിന്റെ ഭാഗമായി ടി വകുപ്പിന്റെ അധീനതയിൽ ഗുണനിലവാര നിർണ്ണയത്തിനായി എല്ലാ ജില്ലകളിലും ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അധീനതയിൽ ക്വാളിറ്റി കൺട്രോൾ സബ്

ഡിവിഷൻ ഓഫീസും അതിനോടനുബന്ധിച്ച് ക്വാളിറ്റി കൺട്രോൾ ലാബും പ്രവർത്തിച്ചു വരുന്നുണ്ട്, ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷനിൽ പ്രവർത്തിച്ചു വരുന്ന അസിസ്റ്റന്റ് എഞ്ചിനീയർമാർ പ്രവൃത്തികൾ നടന്നു കൊണ്ടിരിക്കുമ്പോൾ പ്രവൃത്തി നടക്കുന്ന സ്ഥലം സന്ദർശിക്കുകയും, ചെയ്ത പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന നടത്തുകയും, സാമ്പിളുകൾ ശേഖരിക്കുകയും ആയവ ക്വാളിറ്റി കൺട്രോൾ ലാബിൽ എത്തിച്ച് പരിശോധനയ്ക്ക് വിധേയമാക്കാറുമാണ് ഉള്ളത്. ആയതിന്റെ പരിശോധനാഫലം ബന്ധപ്പെട്ട അധികാരികൾക്ക് കൈമാറുകയും ചെയ്യാറുണ്ട്. ഗുണനിലവാര സംവിധാനം കൂടുതൽ ശക്തിപ്പെടുത്തുന്നതിലേയ്ക്കായി അഞ്ച് കോടി രൂപയിൽ കൂടുതലുള്ള നിർമ്മാണ പ്രവൃത്തികൾക്ക് ടെക്നിക്കൽ ഓഡിറ്റിംഗും ഏർപ്പെടുത്തുന്നുണ്ട്. കൂടാതെ ദേശീയപാതാ വിഭാഗത്തിൽ വലിയ പദ്ധതികൾ എഞ്ചിനീയറിംഗ് പ്രൊക്യുമെന്റ് ആന്റ് കൺസ്ട്രക്ഷൻ (EPC) വ്യവസ്ഥയിൽ നടപ്പിലാക്കി വരുന്നുണ്ട്. ഇത്തരം പദ്ധതികളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി പ്രത്യേക കൺസൾട്ടന്റ് എഞ്ചിനീയർമാരെ നിയമിക്കാറുണ്ട്. കരാറുകാരുടെ ഭാഗത്ത് നിന്നുണ്ടാകുന്ന വീഴ്ചമൂലം യഥാസമയം പ്രവൃത്തികൾ പൂർത്തിയാക്കാതെ വരുന്ന സാഹചര്യത്തിൽ അവരുടെ നഷ്ടോത്തര വാദിത്വത്തിൽ പ്രവൃത്തി ടെർമിനേറ്റ് ചെയ്യുകയും അവരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യാവുന്ന വ്യവസ്ഥയിലാണ് കരാർ ഉടമ്പടി ഒപ്പ് വയ്ക്കുന്നത്.

| | |
|---|---|
| **(ബി)** ഇതുമൂലം വകുപ്പിന്റെ പ്രവർത്തനത്തിൽ ഉണ്ടായിട്ടുള്ള മാറ്റങ്ങൾ എന്തൊക്കെയാണ്; | **(ബി)** പൊതുമരാമത്ത് വിഭാഗത്തിന്റെ കീഴിലുള്ള പ്രവൃത്തികളിൽ സോഷ്യൽ ഓഡിറ്റിംഗ് പ്രാവർത്തികമാക്കാൻ തുടങ്ങിയിട്ടേയുള്ളൂ എങ്കിലും ഇതുമൂലമുള്ള മാറ്റങ്ങൾ വളരെ വലുതാണ്. ആലപ്പുഴയിൽ ഇത് വിജയകരമായി നടത്തി. ക്വാളിറ്റി പരിശോധന കർശനമാക്കിയതിനാൽ പ്രവൃത്തികളുടെ ഗുണനിലവാരം മെച്ചപ്പെട്ടിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിൽ ദേശീയപാതാ വിഭാഗത്തിലെ അഴിമതി നിർമ്മാർജ്ജനം ചെയ്യുന്നതിന്റെ ഭാഗമായി ഡിപ്പാർട്ട്മെന്റ് വിജിലൻസ് സംവിധാനം ശക്തമാക്കിയിട്ടുണ്ട്. പോലീസ് വിജിലൻസിന് കേസുകൾ റഫർ ചെയ്ത് സസ്പെൻഷൻ ഉൾപ്പെടെയുള്ള ശിക്ഷാനടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ വകുപ്പിൽ നിർദ്ദിഷ്ട വർക്കുകളുടെ എസ്റ്റിമേറ്റ് എടുക്കുന്നതിൽ കൃത്യത പാലിക്കുന്നതിനായി ഫീൽഡ് ആഫീസർമാർക്ക് (അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ) കർശന നിർദ്ദേശം നൽകുകയും വർക്കിൽ ഉൾപ്പെടുത്തുന്ന ഓരോ ഐറ്റത്തിന്റെയും ആവശ്യകത എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പ്രതിപാദിക്കണമെന്നും വർക്കിന്റെ നടത്തിപ്പ് സമയത്ത് പ്രസ്തുത എസ്റ്റിമേറ്റിന് വ്യതിയാനം വരാത്ത രീതിയിൽ വേണം ഓർഗനൈസേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടത് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി മുൻപ് വ്യാപകമായിരുന്ന റിവൈസ്ഡ് എസ്റ്റിമേറ്റ് ഇപ്പോൾ പൊതുവേ ഒഴിവായിരിക്കുന്നു. ആയത് മൂലം വർക്കിലുണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത ഒഴിവാക്കുവാനും സമയബന്ധിതമായി പൂർത്തിയാക്കുവാനും സാധിക്കും. വിജിലൻസ് |

വിഭാഗം ശക്തിപ്പെടുത്തിയത് കാരണം നിലവിൽ അഴിമതി വളരെയധികം കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്. സ്ഥലംമാറ്റത്തിന് അഴിമതി ഇല്ലാതാക്കി.

**(സി)** എഞ്ചിനീയർമാരും കോൺട്രാക്ടർമാരും തമ്മിലുള്ള അവിഹിത ഇടപാടുകൾ എത്രമാത്രം കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്;

**(സി)** ഗുണനിലവാരം മെച്ചപ്പെടുത്താൻ നിർബന്ധിതമായപ്പോൾ തന്നെ അവിഹിത ഇടപാടുകൾക്കുള്ള സാധ്യത കുറഞ്ഞിട്ടുണ്ട്.

**(ഡി)** കോൺട്രാക്ടർമാർക്ക് പരിശീലനം നൽകുന്നതിന് വേണ്ടി കോൺട്രാക്ടേഴ്സ് അക്കാദമി സ്ഥാപിക്കുവാൻ ആലോചിക്കുന്നുണ്ടോ എന്നറിയിക്കാമോ?

**(ഡി)** കോൺട്രാക്ടർമാർക്ക് പരിശീലനം നൽകുന്നത് സംബന്ധിച്ച് കാര്യം പരിഗണനയിൽ ഉണ്ട്.

സെക്ഷൻ ഓഫീസർ